മീഡിയാ സെന്റര്‍
ശബരിമല സന്നിധാനം
ഇന്‍ഫര്‍മേഷന്‍ പബ്ലിക് റിലേഷന്‍സ് വകുപ്പ്
കേരള സര്‍ക്കാര്‍
19.01.2024

മണ്ഡല-മകരവിളക്ക്: കെഎസ്ആര്‍ടിസിയുടെ വരുമാനം **38.88** കോടി

മണ്ഡല മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായി നടത്തിയ സര്‍വ്വീസ് വഴി കെഎസ്ആര്‍ടിസിക്ക് ലഭിച്ചത് 38.88 കോടിയുടെ വരുമാനം. മണ്ഡല കാലം ആരംഭിച്ചതു മുതല്‍ പമ്പ-നിലയ്ക്കല്‍ റൂട്ടില്‍ ആകെ 1,37,000 ചെയിന്‍ സര്‍വ്വീസുകളും 34,000 ദീര്‍ഘദൂര സര്‍വ്വീസുകളും നടത്തി. ആകെ 64. 25 ലക്ഷം ആളുകളാണ് കെഎസ്ആര്‍ടിസി വഴി യാത്ര ചെയ്തത്. ജനുവരി 15 ന് മകരജ്യോതി ദര്‍ശനം കഴിഞ്ഞ് തിരിച്ചിറങ്ങിയ അയ്യപ്പഭക്തരെയും കൊണ്ട് വൈകിട്ട് 7 മണി മുതല്‍ ജനുവരി 16 ന് പുലര്‍ച്ചെ 3.30 മണി വരെ ഇടമുറിയാതെ പമ്പ -നിലയ്ക്കല്‍ റൂട്ടില്‍ ചെയിന്‍ സര്‍വ്വീസുകള്‍ നടത്തിയിരുന്നു. ഒപ്പം ചെങ്ങന്നൂര്‍, കോട്ടയം, കുമിളി, തിരുവനന്തപുരം, തൃശ്ശൂര്‍ തുടങ്ങിയ ഇടങ്ങളിലേക്ക് ദീര്‍ഘദൂര സര്‍വ്വീസുകളും നടത്തി. ശബരിമല നട അടയ്ക്കുന്ന ജനുവരി 20 ന് രാത്രി വരെ ചെയിന്‍ സര്‍വീസുകളും, ജനുവരി 21 ന് പുലര്‍ച്ചെ 4 മണി വരെ ദീര്‍ഘദൂര സര്‍വ്വീസുകളും ഉണ്ടായിരിക്കുമെന്ന് കെഎസ്ആര്‍ടിസി പമ്പ സ്പെഷ്യല്‍ ഓഫീസര്‍ അറിയിച്ചു

ശബരിമല ഇന്നത്തെ **(20.01.2024)**ചടങ്ങുകള്‍
.............
4.30 ന് ' പള്ളി ഉണര്‍ത്തല്‍
5  മണിക്ക്.. തിരുനട തുറക്കല്‍.. തുടര്‍ന്ന് നിര്‍മ്മാല്യ ദര്‍ശനവും പതിവ് അഭിഷേകവും .....
5.30 ന് ...ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.30 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും
...........
വൈകുന്നേരം 5  മണിക്ക് നട തുറക്കും
6.30 ന് ദീപാരാധന
9 മണിക്ക് അത്താഴ പൂജ
തുടര്‍ന്ന്  9.30 ന് ഹരിവരാസനം സങ്കീര്‍ത്തനം പാടി 9.40 മണിക്ക്  ശ്രീകോവില്‍ നട അടയ്ക്കും.
ശേഷം മാളികപ്പുറം ക്ഷേത്രത്തില്‍ ഗുരുതി.

ദീപപ്രഭയില്‍ ശരംകുത്തിയിലേക്ക് അയ്യപ്പന്റെ എഴുന്നള്ളത്ത്

അഞ്ചുനാള്‍ നീണ്ട മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായി തീവെട്ടികളുടെ ദീപപ്രഭയില്‍ വാദ്യമേളങ്ങളോടെ ഭക്തിനിര്‍ഭരമായി മാളികപ്പുറത്തുനിന്ന്

ശരംകുത്തിയിലേക്ക് അയ്യപ്പൻ എഴുന്നള്ളി. മകരവിളക്ക് മുതൽ നാല് ദിവസം മാളികപ്പുറത്തുനിന്ന് പതിനെട്ടാം പടിയിലേക്കായിരുന്നു എഴുന്നള്ളത്ത്. അഞ്ചാം ദിനമാണ് ശരംകുത്തിയിലേക്ക് എഴുന്നള്ളിയത്.
കളമെഴുത്തു കഴിഞ്ഞ് അത്താഴപൂജക്ക് ശേഷം തിരുവാഭരണപ്പെട്ടിയിലെ കൊമ്പൻ മീശയോടു കൂടിയ തിരുമുഖത്തിടമ്പുമായാണ് മാളികപ്പുറത്ത് നിന്ന് ശരംകുത്തിയിലേക്ക് എഴുന്നെള്ളിപ്പ് നടന്നത്. ശരംകുത്തിയിൽവെച്ച് നായാട്ടു വിളിയും നടത്തി. ശരംകുത്തിയിൽ ചെന്നു നായാട്ടുവിളി നടത്തിയശേഷം അയ്യപ്പൻ മണിമണ്ഡപത്തിലേക്കു മടങ്ങുന്നു. തീവെട്ടികൾ എല്ലാം അണച്ച് വാദ്യമേളങ്ങൾ ഇല്ലാതെ നിശ്ശബദ്മായാണ് മടക്കം. ശരംകുത്തിയിൽ നിന്നുള്ള എഴുന്നെള്ളപ്പിൽ ഭൂതഗണങ്ങളും മലദൈവങ്ങളും അനുഗമിക്കുന്നു എന്നാണ് വിശ്വാസം. അതുകൊണ്ടാണ് മേളങ്ങളും വിളക്കുകളും ഇല്ലാത്തത്.
മകരവിളക്കുത്സവത്തിന് പരിസമാപ്തി കുറിച്ച് 20 ന് രാത്രി പത്തിന് നട അടച്ച ശേഷം മാളികപ്പുറത്ത് ഗുരുതി നടക്കും. 20 ന് കൂടി മാത്രമേ ദർശനം ഉള്ളൂ. 21 ന് പുലർച്ചെ നട അടയ്ക്കും.